The Kerala Public Services Amendment Bill 1970

Mr. Speaker: Are you going to move the amendment, Shri Gopinathan Pillai?

Shri G. Gopinathan Pillai: No.

Shri K. T. George: I am not moving my amendment.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, എല്ലാ പക്ഷത്തുനിന്നുമുള്ള മെമ്പർമാർ ഈ ബില്ലിനെ സംബന്ധിച്ച് ന്യായമായ ഭയാശങ്കകളും പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ട്. അതായത് ഈ ബിൽ പ്രയോഗത്തിൽ വരുമ്പോൾ സർക്കാർ ജീവനക്കാരുടെ താൽപ്പര്യത്തിനെതിരായി ഉപയോഗിക്കപ്പെടുമെന്നും, ജീവനക്കാർക്ക് അതുകൊണ്ട് വിഷമതകളുണ്ടാകുമെന്നും, മുൻകാല പ്രാബല്യത്തോടുകൂടി ഇതു നടപ്പാക്കാനുള്ള അധികാരം ഉദ്യോഗസ്ഥൻമാരുടെ കയ്യിലേക്ക് മാറിക്കൊടുക്കുകയാണെങ്കിൽ അവർ പക്ഷപാതബുദ്ധിയോടുകൂടി അല്ലെങ്കിൽ പകപോക്കൽ ബുദ്ധിയോടുകൂടി ഇതു പ്രയോഗിച്ച് ഏതെങ്കിലും ജീവനക്കാരുടെ താൽപ്പര്യത്തെ ഹനിച്ചുകളയുമെന്നുള്ള ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വളരെ കൊല്ലത്തോളം ഈ അധികാരം ഗവർണ്ണറിൽ നിക്ഷിപ്തമായിരുന്നെങ്കിലും ഇങ്ങനെ പൂർവ്വകാല പ്രാബല്യത്തോടെ ഉദ്യോഗസ്ഥൻമാർക്കെതിരായി പ്രയോഗിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു ഭയാശങ്കക്ക് തീരെ പഴുതോ ന്യായമോ കാണാനില്ല. എന്നാലും ഇങ്ങനെയൊരു ബിൽ പാസ്സാക്കിയെടുക്കേണ്ട ആവശ്യം ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അങ്ങനെ ചെയ്യാത്ത പക്ഷം പല ഒത്തുതീർപ്പുകളെ സംബന്ധിച്ചിടത്തോളവും മറ്റുമുണ്ടാകുന്ന ജീവനക്കാർക്കനുകൂലമായ സംഗതികളിൽ അവർക്ക് നൻമ ചെയ്തുകൊടുക്കാൻ വയ്യാതെവരും. ഇതിൻറെ എല്ലാ നിയമപരമായ നടപടിക്രമങ്ങളും ചെയ്തുകഴിഞ്ഞതിനുശേഷം അത് നടപ്പിൽവരുത്തുന്ന ദിവസം മുതൽക്കു മാത്രമേ ഗവൺമെൻറിന് ഇത് ചെയ്യാൻ കഴിയുകയുള്ളൂ. ഇത്തരം ചില വിഷമതകളും കൊണ്ടാണ് വാസ്തവത്തിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നത്. ഇങ്ങനെയൊരു നിയമനിർമ്മാണമാണെങ്കിൽ വളരെ അത്യാവശ്യമായിരുന്നു. ശ്രീ. ദേവസ്സിക്കുട്ടി ചൂണ്ടിക്കാണിച്ചതുപോലെ ഈ അധികാരം പ്രയോഗിക്കേണ്ടി വന്നില്ലെങ്കിലും, പ്രയോഗിക്കേണ്ടിവരാൻ മാത്രം സമയമുണ്ടായില്ലെങ്കിലും, അങ്ങനെ പ്രയോഗിക്കേണ്ടുന്ന അവസരം ഉണ്ടാകുമെന്ന് ഗവൺമെൻറ് കരുതിയതുകൊണ്ട് ഓർഡിനൻസുകൊണ്ടുവന്നു. നിയമസഭ വളരെവേഗം ചേർന്നതുകൊണ്ടും നിയമമായി വരാൻ സന്ദർഭം ലഭിച്ചതുകൊണ്ടും ഇത് പിന്നീട് പ്രയോഗിക്കപ്പെട്ടിട്ടില്ല. എന്നാലും ഇങ്ങനെയുള്ള നിയമനിർമ്മാണത്തിന് അടിയന്തിരാവശ്യമുണ്ട്. ആ നിലയിൽ എൻറെ ബഹുമാനപ്പെട്ട സ്നേഹിതൻ കരുണാകരനും, മറ്റുചില സ്നേഹിതൻമാരും, വ്യക്തിപരമായി സംഭാഷണവേളയിലും, ഈ സഭയിൽ മോഷൻ മുഖേനയും പ്രകടമാക്കിയിട്ടുള്ള ഭയാശങ്ക ഒരുതിരുവരെ മാറുന്നതിന് ഈ സഭയ്ക്ക് ഒരു ഉറപ്പുനൽകാൻ ഞാനാഗ്രഹിക്കുകയാണ്. ക്യാബിനറ്റ് യോഗത്തിൽ അമെൻറുമെൻറ് വരുത്തിക്കൊണ്ട് എക്സിക്യൂട്ടീവ് ഓർഡർ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ് മാത്രമായി ചെയ്യാതിരിക്കുന്നതിനാവശ്യമായ സംരക്ഷണവ്യവസ്ഥ ക്യാബിനറ്റിൻറെ ബിസിനസ് റൂൾസിൽ ഉടൻ വരുത്തുന്നതാണ്. ഇതുകൊണ്ട് ഉദ്ദേശിച്ചതുപോലെ സംര

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണമുണ്ടാകാതെ ഏതെങ്കിലും വിധത്തിൽ ഉദ്യോഗസ്ഥൻമാർക്ക് ദോഷകരവും ദ്രോഹകരവുമായി പൊതുവേ ഉപയോഗിക്കുകയാണെന്നുണ്ടെങ്കിൽ പിന്നെ എന്തു ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് തീർച്ചയായും സഭയിൽ ആലോചിക്കാവുന്നതാണ്. ഇതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറൻമാർ ഇത് ദോഷകരമായി ബാധിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രകടിപ്പിച്ച ഭയാശങ്കകളും ദൂരീകരിക്കാൻ ഒരതിരുവരെ ഗവൺമെൻറിന്റെ പേരിലുള്ള ഈ ഉറപ്പ് സഹായകമാവും. എന്തെങ്കിലും വിഷമതകളും അവശേഷിക്കുകയാണെങ്കിൽ അതേപ്പറ്റി ഗവൺമെൻറ് പിന്നീട് പരിഗണിക്കുന്നതാണെന്നും വളരെ വ്യക്തമായി ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നില്ലെങ്കിലും ഏതാനും വാക്കുകൾ പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പ് സഭയുടെ മുൻപിലുണ്ട്. നിലവിലുള്ള നിയമത്തിൽ ഗവൺമെൻറിന് മുൻകാല പ്രാബല്യത്തോടുകൂടി ഭേദഗതി റൂളുണ്ടാക്കി നടപ്പിൽ വരുത്താമെന്നുള്ള വകുപ്പ് ഉണ്ടായിരുന്നില്ല. നിയമസഭയുടെ മുൻപിൽ അത് അവതരിപ്പിക്കണം. അതിനു ശേഷം മാത്രമേ അതിന് നിയമപ്രാബല്യം ലഭിക്കുകയുള്ളു. എന്നിരുന്നാലും നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപുതന്നെ പൂർവ്വകാല പ്രാബല്യത്തോടുകൂടി റൂളുകൾ വഴിയായി ഭേദഗതി വരുത്താവുന്നതാണ്. എന്റെ ഭേദഗതി ടേബിൾ ചെയ്തിട്ടുണ്ടായിരുന്നത് "provided that such rules shall not prejudicially affect the service conditions of a Government Servant retrospectively".

എന്നുള്ളതാണ്. സ്വാഭാവികമായും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥൻമാർക്ക് ഒരു ഭയമുണ്ടെന്നുള്ളത് ഗവൺമെൻറ് സമ്മതിച്ചിരിക്കുകയാണ്. ഇത് നിലവിലുള്ള സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് പ്രതികൂലമായി ബാധിക്കാതിരിക്കാൻവേണ്ടി ക്യാബിനറ്റ് റൂൾസിൽ ഭേദഗതി വരുത്താം, ക്യാബിനറ്റ് ലവലിൽ മാത്രമേ ഇങ്ങനെയുള്ള റൂളുകൾ നടപ്പിൽ വരുത്തുകയുള്ളു, ഉദ്യോഗസ്ഥൻമാരുടെ ലവലിൽ നടപ്പിൽ വരുത്താനുള്ള പരിശ്രമം നടത്തുകയില്ലെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഞാൻ അത് വിശ്വസിക്കുകയാണ്. എന്നിരുന്നാലും ന്യായമായ ഭയാശങ്ക ഇന്നു സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്കുണ്ട്. പക്ഷേ ഗവർണറുടെ ഭരണകാലത്ത് ഇത് നടപ്പിൽ വരുത്തിയിട്ടുണ്ടായിരുന്നു എന്നൊക്കെ സമാധാനം പറഞ്ഞിട്ടുണ്ട്. ഏതായാലും നിലവിലുള്ള ഉദ്യോഗസ്ഥൻമാർക്ക് അവരുടെ സർവ്വീസിനെ യാതൊരു വിധത്തിലും പ്രതികൂലമായി ബാധിക്കുന്ന ഒരു പരിതസ്ഥിതി വരുകയില്ലെന്നുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വം ഈ സർക്കാർ ഏറ്റെടുക്കണം. മാത്രമല്ല, അങ്ങനെ പ്രതികൂലമായി വരുന്ന സന്ദർഭത്തിൽ വേണ്ടിവന്നാൽ ഈ നിയമസഭയെത്തന്നെ സമീപിച്ച് നിയമം ഭേദഗതി ചെയ്യണമെന്നുള്ള ഒരു ഉറപ്പുകൂടി സർക്കാർ ഭാഗത്തുനിന്നും ഉണ്ടാകണം. അങ്ങനെയുള്ള ഒരു ഉറപ്പു ലഭിച്ചാൽ ഞങ്ങൾക്ക് സമാധാനിക്കാമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ശ്രീ. മൊയ്തീൻകുട്ടി ഹാജി ഇപ്പോൾ പറഞ്ഞ ഭേദഗതിയിൽ അടങ്ങിയിട്ടുള്ള തത്വം സർക്കാർ അംഗീകരിക്കേണ്ടതാണ്. പൂർവ്വകാലപ്രാബല്യം കൊടുത്തുകൊണ്ട് ഈ നിയമം അംഗീകരിക്കുമ്പോൾ ഉദ്യോഗസ്ഥൻമാരിൽ നിന്നും ഉണ്ടാകാവുന്ന പാകപ്പിഴകൾ തടയുന്നതിനുവേണ്ടി ഇക്കാര്യം ക്യാബിനറ്റു തീരുമാനിക്കുമെന്നുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് സ്വാഗതാർഹമാണ്. അതേ അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ സ്റ്റേറ്റിലെ രാഷ്ട്രീയ സ്ഥിതിഗതികളും മുൻകാലങ്ങളിലുള്ളതും, നിലവിലുള്ളതും, ഭാവിയെസംബന്ധിച്ചും നോക്കുമ്പോൾ മന്ത്രിസഭയുള്ള കാലവും ഇല്ലാത്ത കാലവും വളരെയധികം ഉണ്ടായിട്ടുണ്ട്. മന്ത്രിസഭ അതിന്റെ കാലാവധിവരെ തുടരുകയാണെങ്കിൽ അതിനിടയിൽ എന്തെല്ലാം മാറ്റങ്ങൾ വരുമെന്ന് ഉറപ്പിക്കാൻ നിവൃത്തിയില്ല. അങ്ങിനെ നോക്കുമ്പോൾ മന്ത്രിസഭ തീരുമാനം എടുക്കണമെന്നു പറഞ്ഞാൽ ഒരു കാലഘട്ടത്തിൽ ഉദ്യോഗസ്ഥൻമാർ കൈകാര്യം ചെയ്യുന്ന സാഹചര്യത്തിൽ ചെന്നുചേരും. നമ്മുടെ ഉദ്യോഗസ്ഥൻമാർ ന്യായരഹിതമായി പ്രവർത്തിക്കുമെന്ന് ഞാൻ പറയുന്നില്ല. അവർ ശരിയായ രീതിയിൽ തന്നെ പ്രവർത്തിക്കും. എന്നിരുന്നാലും മാനുഷികമായ പോരായ്മകൊണ്ട് ചില പ്രത്യേക സന്ദർഭം വരുമ്പോൾ ചില പ്രത്യേക ആളുകളെ സഹായിക്കാനുള്ള താൽപര്യം പലപ്പോഴും കണ്ടിട്ടുണ്ട്. ഈ പ്രവണത ഉദ്യോഗസ്ഥൻമാരിൽ മാത്രമല്ല, ശമ്പളപരിഷ്ക്കാരക്കമ്മിറ്റിയുടെ റിപ്പോർട്ടുപരിശോധിച്ചാലും ഇത് കാണാവുന്നതാണ്. അതുകൊണ്ട് നിയമത്തിൽ പരിരക്ഷ നൽകിയില്ലെങ്കിൽ നടപടിക്രമങ്ങളുടെ ഫലമായി ദോഷം സംഭവിക്കാൻ ഇടയുണ്ട്. ഈ ഭേദഗതി കൊണ്ടുവരുന്നത് ഉദ്യോഗസ്ഥൻമാർക്ക് ഉണ്ടായിരുന്ന അധികാരം നിയമസഭ നിയമത്തിൽകൂടി പ്രാബല്യം നൽകുന്നതിനു വേണ്ടിയാണ്. അത് ഭരണഘടനയുടെ 309–ാം വകുപ്പനുസരിച്ചാണെന്നാണ് എന്റെ ഓർമ്മ. അതനുസരിച്ച് നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ ഈ സഭയുടെ അംഗീകാരം കിട്ടിയിട്ടുണ്ട്. അതായത് ഉദ്യോഗസ്ഥൻമാരുടെ കാലത്ത്, ഗവർണർ സ്റ്റേറ്റിന്റെ തലവനായിട്ടുള്ള കാലഘട്ടത്തിൽ ഏതെങ്കിലും കൽപനകൊണ്ട് പൂർവ്വകാലപ്രാബല്യം നൽകി. അതിന്റെ ഫലമായി ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്ക് ദോഷമായി വരികയാണെങ്കിൽ അവർ കോടതിയിൽ പോകുകയും, അതിന്റെ ഫലമായി ഉദ്യോഗസ്ഥൻമാരെ ഇത് ബാധിക്കാൻ പാടില്ലെന്ന് നിരവധി കോടതിവിധികളും ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന നിയമത്തിന് വിധേയമായി നോക്കുമ്പോൾ ഈ നിയമപ്രകാരം പൂർവ്വകാല പ്രാബല്യം നൽകുമ്പോൾ ഏതെങ്കിലും ദോഷമായി വരികയാണെങ്കിൽ ഈ നിയമം നിലനിൽക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. അതുകൊണ്ട് നിയമംതന്നെ റദ്ദാകുമോയെന്ന് സംശയമുണ്ട്. പൂർവ്വകാലപ്രാബല്യം കൊടുത്തില്ലെങ്കിൽ സർവ്വീസിൽ ഇരിക്കുന്നവർക്ക് അനുകൂലമായി ചെയ്യേണ്ട കാര്യങ്ങൾക്ക് പൂർവ്വകാലപ്രാബല്യം കൊടുക്കാൻ സാധിക്കുകയില്ല. 1968 ൽ ഉണ്ടായിട്ടുള്ള നിയമത്തിൽ പൂർവ്വകാലപ്രാബല്യം കൊടുക്കാൻ വ്യവസ്ഥയില്ല. ഇതിനുമുമ്പുള്ള എക്സിക്യൂട്ടീവ് പവർ കൊണ്ട് ഭേദഗതി വരുത്തുകയാണെങ്കിൽ പൂർവ്വകാലപ്രാബല്യം കൊടുക്കാം. നിയമത്തിൽ പൂർവ്വകാലപ്രാബല്യം കൊടുക്കാൻ വ്യവസ്ഥ ഇല്ലാത്തതുകൊണ്ട്, ഗവൺമെന്റു ജീവനക്കാരുടെ കരാറുകൾക്ക് പൂർവ്വകാലപ്രാബല്യം കൊടുക്കാൻ സാധിക്കാത്ത ഒരു സാഹചര്യം ഉണ്ടായിയെന്നാണ് വാദഗതി. ആ വാദഗതി അംഗീകരിക്കുകയാണെങ്കിൽ ശ്രീ. മൊയ്തീൻകുട്ടിഹാജിയുടെ ഭേദഗതികൊണ്ട് ഉദ്യോഗസ്ഥൻമാർക്ക് ആനുകൂല്യം കൊടുക്കാനുള്ളത് കൊടുക്കാൻ സാധിക്കും. ദ്രോഹകരമായിട്ടുള്ളത് നീക്കം ചെയ്യാനും സാധിക്കും. കേവലം രണ്ടോ നാലോ ഉദ്യോഗസ്ഥൻമാർക്ക് ദ്രോഹകരമായി ബാധിച്ചേക്കാം. ഈ നിയമം അംഗീകരിക്കുകയാണെങ്കിൽ ഭരണഘടന അനുശാസിക്കുന്ന വ്യവസ്ഥ അനുസരിച്ച് ഒരൊറ്റ ഉദ്യോഗസ്ഥനെങ്കിലും പുതിയതായി ഉണ്ടാകുന്ന നിയമത്തിൽ പൂർവ്വകാലപ്രാബല്യം കൊടുക്കുകയാണെങ്കിൽ ഒരൊറ്റ ഉദ്യോഗസ്ഥനുപോലും അഡ്വേഴ്സ് എഫക്ടു ഉണ്ടാകാൻ പാടില്ലെന്ന് നിരവധി നിരവധി ഉത്തരവുകൾ ഉണ്ടായിട്ടുണ്ട്. ഭേദഗതിയായി അംഗീകരിച്ചത് സെലക്ടുകമ്മിറ്റിക്ക് വിടണമോയെന്ന് വിചാരിച്ചതാണ്. ഇന്നലെ ഇങ്ങനെ ഒരു പ്രത്യേക സാഹചര്യമാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

ആ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് നിർദ്ദേശിക്കുവാനുള്ളത് അദ്ദേഹം തന്ന ഉറപ്പ് വളരെ സ്വാഗതാർഹമാണ്. ഈ ഭേദഗതി കൊണ്ടുവരുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്നും അതിന് ഓർഡിനൻസിന്റെ ആവശ്യമില്ലെന്നുമാണ് എനിക്കു പറയുവാനുള്ളത്. വേണമെങ്കിൽ ഫെബ്രുവരി അവസാനം വരെ കാത്തിരിക്കാനും തയ്യാറാണ്. ഓർഡിനൻസ് കൊണ്ടുവരുന്നതിനെപ്പറ്റി എത്രതന്നെ ന്യായീകരിച്ചാലും അത് അംഗീകരിക്കാൻ സാധ്യമല്ല. സർക്കാർ ഉദ്യോഗസ്ഥനായാലും ശരി കൊടുക്കാമെന്നുപറയുന്നത് കൊടുക്കണമെന്നുള്ള കാര്യത്തിലേ നിർബന്ധമുള്ളൂ. ഈ സാഹചര്യത്തിൽ ഇങ്ങനെയൊരു ഓർഡിനൻസ് വേണമായിരുന്നില്ല. അടിസ്ഥാനപരമായി ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന് ദോഷം ചെയ്യുകയാണെങ്കിൽ ഇത് അതേപടി പോകുമെന്നുള്ളത് കോടതിവിധികളും ഉദ്ധരിച്ചുകൊണ്ട് പറയാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഇതിനെപ്പറ്റി ശ്രീ. കരുണാകരനും, ശ്രീ. മൊയ്തീൻകുട്ടിഹാജിയും വളരെയധികം ആശയക്കുഴപ്പം ഉണ്ടാക്കുന്ന കാര്യമാണെന്നു പറഞ്ഞു. സർവ്വീസിലുള്ള ആളുകളെ സംബന്ധിച്ച് റൂളുകളും ഉണ്ടാക്കുമ്പോൾ റട്രോസ്പക്റ്റീവ് എഫക്ടു കൊടുക്കാനുള്ള അധികാരം കൊടുക്കണം. അങ്ങനെ കൊടുക്കുന്നതുകൊണ്ട് സർവ്വീസിലിരിക്കുന്നവരുടെ ആനുകൂല്യം നഷ്ടപ്പെടുന്ന വിധത്തിലുള്ള ചട്ടങ്ങളും ഉണ്ടാക്കാൻ സാധിക്കുമെന്നുള്ള ആശങ്കയാണ് പ്രകടിപ്പിച്ചത്. റട്രോസ്പക്ടീവ് എഫക്ടു കൊടുക്കണമെന്നുണ്ടെങ്കിൽ സാധാരണഗതിയിൽ നിയമസഭ ആക്ടിൽതന്നെ ഒരു ചട്ടത്തിന് റട്രോസ്പക്ടീവ് എഫക്ടു കൊടുക്കുന്നതിനുള്ള അധികാരം കൊടുത്തില്ലെങ്കിൽ ഇത്തരത്തിൽ റൂളുകളും ഉണ്ടാക്കുന്നതിന് എക്സിക്യൂട്ടീവിനു ഒരിക്കലും അധികാരം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ഈ നിയമത്തിൽ സാധാരണ നിയമത്തിൽ ഇല്ലാത്തതു പോലെ റട്രോസ്പക്ടീവ് എഫക്ടിനുള്ള റൂൾ ഉണ്ടാക്കുന്ന അധികാരം ഗവൺമെന്റിന് കൊടുക്കണമോ വേണ്ടയോ എന്നുള്ളതാണ്. ഈ റൂളുകളും ഉണ്ടാക്കുന്നതിനു മുൻപ് ഭരണഘടനയനുസരിച്ച് ഗവർണർക്ക് റൂൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരുന്നു. അതിന്റെ ആവശ്യകത എന്താണ്. ഭരണപരമായ രംഗങ്ങളിൽ പലപ്പോഴും എംപ്ലോയീസിന്റെ കാര്യത്തിൽ പല പ്രശ്നങ്ങളെ സംബന്ധിച്ചും തർക്കം ഉണ്ടാകുകയും പിന്നീട് എക്സിക്യൂട്ടീവ് തീരുമാനം ഉണ്ടാകേണ്ടതായും വരും. എൻ. ജി. ഓ. മാർ സമരം നടത്തി നേടിയെടുക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള ഗവൺമെന്റു തീരുമാനം മാസങ്ങൾക്കകം തന്നെ നടപ്പിലാക്കും. എക്സിക്യൂട്ടീവ് ഓർഡർ ഇംപ്ലിമെന്റു ചെയ്യുമ്പോൾ അതനുസരിച്ച് റൂളുകളും ഉണ്ടാക്കുമ്പോൾ കുറെ കാലതാമസം ഉണ്ടാകും. ആ റൂളുകൾക്ക് റട്രോസ്പക്ടീവ് എഫ്ക്ടു കൊടുക്കേണ്ടിവരും. റട്രോസ്പക്ടീവ് എഫ്ക്ടു കൊടുക്കേണ്ടത് സർവ്വീസിനെ സംബന്ധിച്ചിടത്തോളം പലപ്പോഴും ആവശ്യമാണ്. അങ്ങിനെ റട്രോസ്പക്ടീവ് എഫ്ക്ടു കൊടുക്കുന്ന റൂളുകളുണ്ടാക്കിയാൽ ആ റൂളുകൾകൊണ്ട് സർവ്വീസിന് ദോഷം വരുന്ന കാര്യങ്ങൾ ഉണ്ടാകരുത്. ഏതായാലും സഭയുടെ എല്ലാ ഭാഗത്തുനിന്നും സർവ്വീസ് സംഘടനകളുടെ ഭാഗത്തുനിന്നും സാധാരണ നിയമങ്ങൾക്ക് വ്യത്യാസമായിട്ടു റട്രോസ്പക്ടീവ് എഫ്ക്ടു റൂളിൽ കൊടുക്കാനുള്ള പൗവ്വർ എക്സിക്യൂട്ടീവിന് കൊടുക്കണമെന്നുള്ളതിന് തർക്കം ഉന്നയിച്ചിട്ടില്ല. അല്ലെങ്കിൽ ഇന്നു കൊടുത്തിരിക്കുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുപോകും. നിയമസഭയുടെ അവകാശങ്ങളെ പരിമിതപ്പെടുത്തിയാണ് ഇത്തരത്തിൽ കൊടുക്കുന്നത്. പരിമിതപ്പെടുത്തിയില്ലെങ്കിൽ സർവ്വീസസിന് കിട്ടേണ്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെടും.

രണ്ടാമത്തെ പോയിന്റു് ഇങ്ങനെ റട്രോസ്പക്ടീവ് കൊടുക്കുമ്പോൾ കിട്ടിയ ആനുകൂല്യം നഷ്ടപ്പെടുമോയെന്നുള്ളതാണ്. ചട്ടങ്ങൾ ഉണ്ടാക്കി ആ ചട്ടങ്ങൾ നിയമസഭ അംഗീകരിച്ചാലും ഭരണഘടനയുടെ 309-ാം വകുപ്പിനനുസരിച്ച് വിവിധ ഹൈക്കോടതികൾ വിവിധതരത്തിലുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആസാം ഹൈക്കോടതി—— ഏതു വർഷത്തിലാണെന്ന് ഞാൻ ഓർക്കുന്നില്ല——വളരെ വ്യക്തമായി അതിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതാണ്. ആസാം ഹൈക്കോടതി പറഞ്ഞിട്ടുള്ളത് വെസ്റ്റഡ് റൈറ്റു ചെയ്തിട്ടുള്ളതാണെങ്കിലും ബെനിഫിഷ്യലാണെങ്കിലും, ലെജിസ്ലേഷനാണെങ്കിലും എക്സിക്യൂട്ടീവ് ആണെങ്കിലും ശരി അവർക്കു കിട്ടിയിരിക്കുന്ന ആനുകൂല്യം റൂൾ മേക്കിംഗ് പൗവ്വർ ഉപയോഗിച്ച് എടുത്തുകളയാൻ പാടില്ലെന്നാണ്. അതിൽനിന്നെല്ലാം വ്യത്യാസമായിട്ടുള്ള ചില വിധികളും ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവേ അംഗീകരിക്കുന്ന തത്വം ഒരു റൂളിന് റട്രോസ്പക്ടീവ് എഫക്ടു കൊടുക്കുന്നതുകൊണ്ട് ആ ചെയ്തിട്ടുള്ള ബനിഫിറ്റും വെസ്റ്റു ചെയ്തിട്ടുള്ള റൈറ്റും എടുത്തുകളയാൻ പാടില്ല. അങ്ങനെ നിയമത്തിലെ വ്യാഖ്യാനത്തെ സംബന്ധിച്ച് എക്സിക്യൂട്ടീവിനു കൊടുക്കുന്ന അധികാരം കൊണ്ട് റൂൾ ഉണ്ടാക്കി ആ റൂളനുസരിച്ചുകൊടുത്ത ആനുകൂല്യം എടുത്തുകളയാൻ പാടില്ല. അല്ലെങ്കിൽ റൂൾ നടപ്പിലാക്കാൻ സാധിക്കുകയില്ല, കോടതിയിൽ പോയാൽ അസാധുവാകും. മറ്റുള്ളതിനെ സംബന്ധിച്ചാണെങ്കിൽ അതായത്, ഡിസ്മിസ്, തരംതാഴ്ത്തൽ ഇത്തരം കാര്യങ്ങളാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 311 അനുസരിച്ച് പ്രൊട്ടക്ഷൻ ഉണ്ട്. അതിന് നിയമസഭയ്ക്ക് റൂളോ ആക്ടോ ഉണ്ടാക്കാൻ സാധിക്കുകയില്ല. റട്രോസ്പക്ടീവ് എഫക്ടു കൊടുക്കുന്നതിന് അധികാരപ്പെടുത്തി റൂൾ കൊണ്ടുവരുന്നതു സർവ്വീസിനു് ആവശ്യമായിട്ടുള്ളതാണ്, കൊടുത്തിട്ടുള്ള പലതും നിലനിൽക്കേണ്ടതും ആവശ്യമാണ്. അങ്ങിനെ കൊടുത്താൽ എക്സിക്യൂട്ടീവ് ഓർഡേഴ്സുകൊണ്ട് വല്ലതും എടുത്തുകളയുമോയെന്നാണ് സംശയം. അങ്ങിനെ വല്ല പരിതസ്ഥിതിയും വരികയാണെങ്കിൽ ഈ നിയമം പാസായതിനുശേഷം ഗവൺമെന്റ് കൂടെക്കൂടി വിദഗ്ദ്ധമായ നിയമോപദേശം തേടി, ആവശ്യമെന്നുകണ്ടാൽ ഇത്തരത്തിലുള്ളപ്രൊട്ടക്ഷൻ കൊടുക്കുന്നതിനുള്ള നിയമം കൊണ്ടുവരേണ്ടതാണ്. എക്സിക്യൂട്ടീവിനു് റൂൾ മേക്കിംഗ് പൗവർ കൊടുത്താലും ശരി കൊടുത്തിരിക്കുന്ന അവകാശാധികാരാനുകൂല്യം എടുത്തുകളയാൻ സാധിക്കുകയില്ലന്നാണ് എനിക്കു തോന്നുന്നത്. ഏതായാലും ഇത് കോടതിയിൽപോയി വ്യാഖ്യാനിക്കേണ്ടിവരികയാണെങ്കിൽ വിദഗ്ദ്ധമായ നിയമോപദേശം കിട്ടേണ്ടതാണ്. റട്രോസ്പക്ടീവ് എഫക്ടു കൊടുക്കുന്നതിന് ശ്രീ. മൊയ്തീൻകുട്ടിഹാജി കൊണ്ടുവന്ന അർത്ഥത്തോടുകൂടിയ ഭേദഗതി ഗവൺമെന്റ് ഉണ്ടാക്കാൻ യാതൊരു മടിയും കാണിക്കരുതെന്നാണ് എനിക്കു പറയുവാനുള്ളത്.

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ശ്രീ. ചന്ദ്രശേഖരൻനായർ പറഞ്ഞ ന്യായങ്ങളും ഞാൻ നേരത്തെ പറഞ്ഞ ഉപപ്പുകളും ഇവിടെ പ്രകടമാക്കിയത് പൊതുവേ ഉദ്യോഗസ്ഥൻമാർക്ക് ഇതുകൊണ്ട് യാതൊരു ദോഷവും ഉണ്ടാകുകയില്ലെന്നാണ്. ദോഷം ഉണ്ടാകുന്ന വിധത്തിൽ ഇതുപയോഗിക്കാൻ സാധിക്കുകയില്ല. നേരെമറിച്ച് തെളിയുകയാണെങ്കിൽ അപ്പോൾ ഗവൺമെന്റ് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നു മാത്രമേ ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

The question that the Kerala Public Services (Amendment) Bill, 1970 be taken into consideration was put and carried.

LIBRARY ARCHIVES Kerala Legislative Assembly

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

The question that Clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, Preamble and Title

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I move:

In the preamble, for the words "twentieth year", the words "twenty first year" shall be substituted.

The amendment was put and carried.

The question that Clause 1, Preamble and Title, as amended, stand part of the Bill was put and carried.

Clause 1, Preamble and Title, as amended, were added to the Bill.

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I move that the Kerala Public Services (Amendment) Bill, 1970 be finally passed.

Minister for Finance (**Shri N. K. Seshan**): Sir, I second it.

The question that the Kerala Public Services (Amendment) Bill, 1970 be finally passed was put and carried.

The Bill was finally passed.

The Kerala Maternity Benefit (Repeal) Bill 1970

Minister for Industries & Labour (**Shri P. Ravindran**): Sir, I introduce the Kerala Maternity Benefit (Repeal) Bill, 1970.

Mr. Speaker: The Bill stands introduced.

Minister for Industries & Labour (**Shri P. Ravindran**): Sir, I move that the Kerala Maternity Benefit (Repeal) Bill, 1970 be taken into consideration.

Minister for Education & Home (**Shri C. H. Mohammed Koya**): Sir, I second it.

ശ്രീ. പി. രവീന്ദ്രൻ: സർ, ഫാക്ടറികളിലും പ്ലാന്റേഷനുകളിലും മറ്റു വ്യവസായസ്ഥാപനങ്ങളിലും പണിയെടുക്കുന്ന സ്ത്രീതൊഴിലാളികൾക്ക് പ്രസവകാലവേതനം നൽകുന്ന തിനുള്ള കേരളത്തിലെ നിയമം 'കേരളാ മെറ്റേണിറ്റി ബെനിഫിറ്റ്സ് ആക്ട് 1957' ആണ്. സർ, ശ്രീ.ടി.വി. തോമസ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പാസാക്കിയ ഒരു നിയമമാണിത്. 1958 ജനുവരിമാസം 1-ാംതീയതിമുതലാണ് ഈ നിയമം നടപ്പിൽ വന്നത്. പ്രസവകാല

LIBRARY ARCHIVES Kerala Legislative Assembly